"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – കൊന്നത്തടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. രവീന്ദ്രനാഥ് (കെ.രവി) സമർപ്പിച്ച അപ്പീൽ അപേക്ഷ – തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1472/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/08/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 11.12.2006ലെ ഡി5-33280/02 നമ്പർ നടപടിക്രമങ്ങൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 08.05.2010-ലെ ഡി8-33280/02 നമ്പർ നടപടിക്രമങ്ങൾ

3 പഞ്ചായത്ത് ഡയറക്ടറുടെ 28.02.2018-ലെ ഡി8-33280/02(1) നമ്പർ നടപടിക്രമങ്ങൾ

4 ശ്രീ. കെ. രവി സമർപ്പിച്ച 20.03.2018-ലെ അപ്പീൽ അപേക്ഷ

5 പഞ്ചായത്ത് ഡയറക്ടറുടെ 07.07.2018-ലെ ഡി8-33280/02 നമ്പർ കത്ത്

<u>ഉത്തരവ്</u>

1. ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ. രവീന്ദ്രനാഥ് (കെ.രവി), ടിയാന്റെ സേവനകാലയളവിൽ 1997-98 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും പിന്നീട് സ്പിൽഓവർ ആകുകയും ചെയ്ത അമ്പാറപ്പടി ജലസേചന പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ആയിരിക്കെ ടി പദ്ധതിയുടെ നടത്തിപ്പിനായി ഗുണഭോക്തൃ സമിതിക്ക് മുൻകൂറായി 7200/- രൂപ അനുവദിച്ച് നൽകുകയുണ്ടായി. എന്നാൽ പ്രാദേശികമായി ഉടലെടുത്ത ചില തർക്കങ്ങൾ കാരണം പദ്ധതി നടപ്പിലാക്കുകയുണ്ടായില്ല. പദ്ധതി നടപ്പിലാകാതിരിക്കുകയും എന്നാൽ 7200/- രൂപ മുൻകൂറായി അനുവദിക്കുകയും ചെയ്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. രവിക്കെതിരെ പഞ്ചായത്ത് ഡയറക്ടർ അച്ചടക്കനടപടി ആരംഭിച്ചിരുന്നു. ടി അച്ചടക്ക നടപടി പരാമർശം (1) നടപടിക്രമം പ്രകാരം ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടയുന്നതിനും മുൻകൂർ തുകയും 18.5% പലിശയും ഈടാക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ ഉത്തരവായി തീർപ്പാക്കിയിരുന്നു.

2. മേൽ ഉത്തരവിനെതിരെ ടിയാൻ നൽകിയ അപ്പീൽ തീർപ്പാക്കാൻ വൈകിയെന്ന കാരണത്താൽ WP(C)35097/2009 പ്രകാരം ശ്രീ. കെ. രവി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ടി കേസിൽ ശ്രീ. രവിയെ നേരിൽ കേട്ടതിനു ശേഷം മാത്രം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതുള്ളൂ എന്നു വിധിയുണ്ടാവുകയും ചെയ്തു. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ

പരാമർ ശം ( 2 ) നടപടിക്രമങ്ങൾ പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്ത് 1998-99 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പാറപ്പടി ജലസേചന പദ്ധതി എന്ന പ്രോജക്ടിന് നിബന്ധനകൾ പാലിക്കാതെ 7200/- രൂപ നൽകുകയും തുടർന്ന് പ്രോജക്ടുമായി ബന്ധപ്പെട്ട് യാതൊരു പണികളും ചെയ്യാതിരിക്കുക വഴി പഞ്ചായത്തിനുണ്ടായ നഷ്ടം നിയമാനുസൃതമായ പലിശ സഹിതം ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നോ ചെയർമാൻ ഉൾപ്പെടെയുള്ള മറ്റംഗങ്ങളിൽ നിന്നോ റവന്യൂ റിക്കവറി നടപടികൾ മുഖേന ഈടാക്കാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നടപ്പിൽ വരുത്തി റിപ്പോർട്ട് ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ടി ഉത്തരവ് 08.05.2010 തീയതി മുതൽ ആറുമാസത്തിനുള്ളിൽ നടപ്പിൽ വരുത്തുന്നതിനും നിഷ്കർഷിച്ചിരുന്നു.

3. പരാമർശം (2) ഉത്തരവിൽ അഡ്വാൻസ് നൽകിയ തുക തിരിച്ചു പിടിക്കുന്ന കാര്യം മാത്രമെ പരാമർശിച്ചിരുന്നുള്ളുവെന്നും ടി ഉത്തരവിൽ പരാമർശിക്കപ്പെടാത്തതും 11.12.2006ലെ ഡി5-33280/02 പ്രകാരമുള്ള ഉത്തരവിലെ ഒരു വാർഷിക ശമ്പള വർദ്ധനവ് തടഞ്ഞ നടപടി റദ്ദാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രവി 01.12.2010-ൽ പഞ്ചായത്ത് ഡയറക്ടർക്ക് ഹർജി സമർപ്പിച്ചു. തുടർന്ന് ടിയാൻ 18.11.2013, 12.06.2017 തീയതികളിൽ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർക്ക് ഹർജികൾ സമർപ്പിച്ചു.

4. ബഹു. ഹൈക്കോടതിയുടെ 07.12.2009ലെ WP(C) 35097/2009 F ഉത്തരവ് പരിഗണിച്ച് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 08.05.2010ലെ ഡി8-33280/02(1) ഉത്തരവിൽ അമ്പാറപ്പടി ജലസേചന പദ്ധതിക്ക് നടപടിക്രമം പാലിക്കാതെ അഡ്വാൻസ് നൽകിയ സെക്രട്ടറിയെ പൂർണ്ണമായും കുറ്റവിമുക്തനാക്കിയിരുന്നില്ല. ആയതിനാലാണ് ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ ശിക്ഷാവിധി ഒഴിവാക്കാതെ ടി ഉത്തരവിൽ പരാമർശിച്ച ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുകയായ 7200/- രൂപയും പലിശയും മാത്രം ടിയാനിൽ നിന്നും ഒഴിവാക്കി ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നോ ചെയർമാൻ ഉൾപ്പെടെയുള്ള മറ്റ് അംഗങ്ങളിൽ നിന്നോ റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കാൻ 08.05.2010ലെ ഡി8-33280/02 പ്രകാരം ഉത്തരവായത്.

5. മേൽ സാഹചര്യത്തിൽ ശ്രീ. കെ. രവിക്കെതിരെയുള്ള അച്ചടക്ക നടപടിയിന്മേൽ ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിരുന്നതും എന്നാൽ ടി ഉത്തരവിനെതിരെ ടിയാൻ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത 35097/2009 നമ്പർ പെറ്റീഷനിന്മേലുള്ള വിധിയെത്തുടർന്ന് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം ( 2 ) ഉത്തരവിൽ പരാമർശിക്കപ്പെടാതെ പോയതുമായ കാര്യത്തിൽ അമ്പാറപ്പടി ജലസേചന പദ്ധതി, നടപടിക്രമം പാലിക്കാതെ അഡ്വാൻസ് നൽകിയ സെക്രട്ടറിയെ, പൂർണ്ണമായും കുറ്റവിമുക്തനായിരുന്നില്ല എന്നതിനാൽ മേൽ ശിക്ഷ പുന:പരിശോധിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ആയതിനാൽ ശ്രീ. കെ. രവിയുടെ 18.11.2013ലെയും 12.06.2017ലെ അപ്പീൽ അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്നു കണ്ട് ആയത് നിരസിച്ച് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) നടപടിക്രമങ്ങൾ പ്രകാരം ഉത്തരവായിരുന്നു.

6. ടി ഉത്തരവിനെതിരെ ശ്രീ. കെ. രവി പരാമർശം (4) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. മെമ്മോയും കുറ്റപത്രവും അവ്യക്തവും കൃത്യതയില്ലാതെയുമിരിക്കെ

എതിർവാദം നടത്തുന്നതിന് ന്യായമായ അവസരം ലഭിച്ചില്ലെന്നും, വിശദമായ മറുപടി സമർപ്പിക്കുന്നതിന് സാവകാശത്തിനായി സമർപ്പിച്ച അപേക്ഷയിലെ തീരുമാനം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റി നിയമിച്ച വിവരം അറിയിച്ചില്ലെന്നും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കിയില്ലെന്നും വസ്തുതകൾ ഗ്രഹിക്കാതെയും ഉൾക്കൊള്ളാതെയും തയ്യാറാക്കിയ കാരണം കാണിക്കൽ നോട്ടീസ് വസ്തുതാപരമായും നിയമപരമായും നിലനിൽ ക്കുന്നതല്ലെന്നും 11.12.2006 ലെ ഡി5-33288/02 നമ്പർ ഉത്തരവ് വ്യക്തതയില്ലാത്തതും വസ്തുതകൾക്ക് നിരക്കാത്തതുമാണെന്നും ബന്ധപ്പെട്ട മറുപടികളും സ്റ്റേറ്റ്മെന്റുകളും രേഖകളും പരിശോധിക്കാതെയും പരിഗണിക്കാതെയും, കേസ് തീർപ്പാക്കുന്നതിൽ അനാവശ്യ കാലതാമസം വരുത്തിയെന്നും നേരിൽ കേൾക്കുന്നതിനുള്ള അവസരം നിഷേധിച്ചെന്നും അഡ്വാൻസ് നൽകിയത് സംബന്ധിച്ചോ ടി പേയ്മെന്റിനെ സംബന്ധിച്ചോ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമില്ലെന്നും ഓഫീസിൽ മാറ്റവും നവീകരണവും മൂലവും ചില രേഖകൾ നഷ്ടപ്പെട്ടിട്ടുണ്ടാവാം എന്നും, 05.01.2007 ലെ ടിയാന്റെ അപ്പീൽ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ മനപ്പൂർവ്വം തടഞ്ഞു വച്ചുവെന്നും കോടതി വിധിയുടെ അടിസ്ഥാനത്തിൽ (WP(C) നമ്പർ 35097/2009-മേലുള്ള 07.12.2009-ലെ വിധിന്യായം) പുറപ്പെടുവിച്ച പഞ്ചായത്ത് ഡയറക്ടറുടെ 08.05.2010 ലെ ഡി8-33280/02-ാം നമ്പർ ഉത്തരവിലും മേൽ 6-ാം ഖണ്ഡികയിലും അപാകതകൾ ഉണ്ടെന്നും ആയത് 11.12.2006-ലെ ഉത്തരവിന്റെ ഭേദഗതിയോ മോഡിഫിക്കേഷനോ അല്ലെന്നും ആയതിനാൽ 11.12.2006-ലെ ഉത്തരവിലെ ശിക്ഷ പ്രസ്തുത ഉത്തരവ് പ്രകാരം ബാധകമല്ലെന്നും ടി കേസ് ആരംഭിക്കുന്നതിന് വളരെ മുൻപ് തന്നെ ടി 7200/- രൂപ ഗുണഭോക്തൃ സമിതി പ്രസിഡന്റിനെ ഏൽപ്പിച്ചിരുന്നതിനാൽ കേസ് നിലനിൽക്കുന്നതല്ലെന്നും ഗുരുതരമായ കുറ്റങ്ങൾ ചെയ്ത പലരെയും താക്കീത് നൽകി വെറുതെ വിട്ട് ഉത്തരവുകൾ നൽകിയിട്ടുണ്ടെന്നും സിവിൽ പ്രോജെക്ടുസിന് സാങ്കേതിക അനുമതി ആവശ്യമില്ലെന്നും പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകേണ്ടത് ഭരണസമിതികളാണെന്നും പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.സി.കെ.പ്രസാദ്, വൈസ് പ്രസിഡന്റ് ശ്രീ. റ്റി.പി. മൽക്ക, സെക്ഷൻ ക്ലാർക്ക് ശ്രീ. സി.ആർ. ഷാജി എന്നിവർ അന്വേഷണ ഉദ്യോഗസ്ഥന് രേഖാമൂലം നൽകിയ സ്റ്റേറ്റ്മെന്റുകൾ മുഖവിലക്കെടുക്കുകയോ പരിശോധിക്കുകയോ പരിഗണിക്കുകയോ ചെയ്തില്ലെന്നും എന്നാൽ പഞ്ചായത്ത് ഡയറക്ടർ ഈ കേസുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളിലൊന്നും തന്നെ ടി സ്റ്റേറ്റ്മെന്റുകൾ വിശ്വസനീയമല്ലെന്നോ വാസ്തവവിരുദ്ധമെന്നോ പരാമർശിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കാതെയും വസ്തുതകൾ പഞ്ചായത്ത് പ്രസിഡന്റിനോടും വൈസ് പ്രസിഡന്റിനോടും ചോദിച്ച് മനസ്സിലാക്കാതെയും പദ്ധതി നിർവ്വഹണ കാര്യത്തിൽ മുൻ പരിചയമില്ലാത്ത അന്വേഷണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ ഏകപക്ഷീയമായ റിപ്പോർട്ടിനെ ആശ്രയിച്ച് മാത്രമാണ് കേസ് ഫ്രെയിം ചെയ്തിട്ടുള്ളതെന്നും KCS (CC&A) Rules 15 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ അന്വേഷണ സമയം ഉണ്ടായിരുന്ന പഞ്ചായത്ത് സെക്രട്ടറി രേഖകൾ ഹാജരാക്കിയില്ലെന്നും ടിയാനെ പക്ഷപാതപരമായും വിവേചനപരമായും ശിക്ഷിച്ചെന്നും ബഹു.കേരള ഹൈക്കോടതിയുടെ 07.12.2009-ലെ WP (C) 35097/2009 നമ്പർ വിധിന്യായത്തിൽ ടിയാൻ കുറ്റക്കാരനാണെന്നോ കുറ്റവിമുക്തനാണെന്നോ പരാമർശിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടറുടെ 28.02.2018-ലെ ഉത്തരവ്, ടിയാനെ നേരിൽ കേൾക്കാതെയാണ് പുറപ്പെടുവിച്ചതെന്നും പഞ്ചായത്ത് ഡയറക്ടറുടെ 28.02.2018 ലെ ഉത്തരവും ഈ വിഷയവുമായി മുൻപ് പുറപ്പെടുവിച്ച ഉത്തരവുകളും ഗുണമേന്മ ഇല്ലാത്തതാണെന്നും ടിയാൻ സമർപ്പിച്ച രേഖകൾ ശരിയല്ലെന്നോ കേസിൽ ബാധകമല്ലെന്നോ പരാമർശിക്കുന്നില്ലെന്ന്

മാത്രമല്ല ഇവ കണ്ടില്ലെന്നു നടിക്കുകയാണുണ്ടായതെന്നും കേസ് തീർപ്പാക്കൽ ഉത്തരവ് 'self contained speaking and reasoned orders' ആയിരിക്കണമെന്നും 'written statement of defence will be examined carefully by authority' എന്നുള്ള സർക്കാർ നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ അവഗണിച്ചിരിക്കുകയാണെന്നും മേൽ വിവരിച്ച കാരണങ്ങൾ വസ്തുതകൾ, നിയമഭാഗങ്ങൾ, കോടതിവിധികൾ, സ്റ്റേറ്റ്മെന്റുകൾ, രേഖകൾ മുതലായവ പരിശോധിച്ചും സ്വാഭാവിക നീതി ഉറപ്പാക്കിയും ടിയാനെ നേരിൽ കേട്ടും പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവുകൾ റദ്ദാക്കണമെന്നും 18.11.2013 തീയതി രേഖപ്പെടുത്തി ടിയാൻ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള രണ്ട് കേസുകൾ പരിശോധിച്ച് ടിയാന്റെ കാര്യത്തിൽ പക്ഷപാതപരമായി പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പാസ്സാക്കിയിട്ടുണ്ടോയെന്നും ടിയാൻ സമർപ്പിച്ച അപേക്ഷ തീർപ്പാക്കുന്നതിന് കാലതാമസം വരുത്തിയ പഞ്ചായത്ത് ഡയറക്ടറുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പേരിൽ ശിക്ഷണ നടപടി സ്വീകരിക്കണമെന്നും അപ്പീൽ അപേക്ഷയിൽ ശ്രീ. കെ.രവി ആവശ്യപ്പെട്ടിട്ടുണ്ട്.

7. അമ്പാറപ്പടി ജലസേചന പദ്ധതിയുടെ നിർവ്വഹണത്തിനായി ശ്രീ. കെ. രവീന്ദ്രനാഥ് (@കെ.രവി) ഗുണഭോക്തൃ സമിതിക്ക് മുൻകൂറായി 7,200 രൂപ നൽകിയെങ്കിലും പദ്ധതി തുടങ്ങുകയോ പണം പഞ്ചായത്തിന് തിരികെ നൽകുകയോ ഉണ്ടായിട്ടില്ല എന്നും പഞ്ചായത്തിന് നഷ്ടം സംഭവിച്ചത് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന അപ്പീൽ പെറ്റീഷണറുടെ ഭാഗത്തു നിന്നുമുള്ള വീഴ്ച മൂലമാണെന്ന ആരോപണമാണ് അച്ചടക്കനടപടിയുടെ ആധാരമെന്നും , ക്രമപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച ശേഷം 28.02.2018 ൽ അന്തിമ ഉത്തരവ് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചുവെന്നും 24.06.2003 ലെ കുറ്റാരോപണ മെമ്മോയ്ക്ക് 26.09.2003 ൽ ഹർജിക്കാരൻ ഇടക്കാല മറുപടി സമർപ്പിച്ചുവെന്നും റിക്കാർഡുകൾ പരിശോധിച്ച് വിശദമായ മറുപടി നൽകാൻ മൂന്നു മാസത്തെ സമയം ചോദിക്കുകയും ചെയ്തെന്നും എന്നാൽ ടിയാൻ വിശദമായ മറുപടി നൽകാത്തതിനാൽ 23.03.2005 ൽ ഡി5-33280/2002-ാം നമ്പർ ഉത്തരവു പ്രകാരം KCS (CC&A) Rules ലെ- 15ാം റൂൾ പ്രകാരം വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കെ.ശശിധരനെ നിയമിച്ച് ഉത്തരവായെന്നും ഈ ഉദ്യോഗസ്ഥൻ അന്വേഷണം പൂർത്തിയാക്കാതെ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.ആർ.വിജയകുമാറിനെ 02.09.2005-ലെ ഉത്തരവ് പ്രകാരം അന്വേഷണോദ്യോഗസ്ഥനായി നിയമിക്കുകയും ആ ഉത്തരവനുസരിച്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നുവെന്നും നിയമാനുസൃത നടപടികൾ പാലിച്ചാണ് അച്ചടക്കനടപടി പൂർത്തിയാക്കിയിട്ടുള്ളതെന്നും 24.06.2003-ൽ കുറ്റാരോപണ മെമ്മോ നൽകി 28.02.2018-ൽ അച്ചടക്കനടപടി അന്തിമമാക്കുന്നതുവരെ ഉന്നയിക്കാത്ത ആക്ഷേപമാണ് ഇപ്പോൾ ഉന്നയിച്ചിരിക്കുന്നതെന്നും 24.06.2003-ലെ കുറ്റപത്രികയ്ക്കും കുറ്റാരോപണ മെമ്മോയ്ക്കും ഇടക്കാല മറുപടിയും മൂന്നു മാസത്തെ സാവകാശവും ചോദിച്ച് ഹർജിക്കാരൻ 26-07-2003-ൽ കത്ത് നൽകിയെന്നും ടിയാന്റെ പ്രതിവാദ പത്രിക കിട്ടാത്തതിനാൽ അനന്തമായി ഈ കേസ് നീട്ടിക്കൊണ്ടു പോകാൻ കഴിയില്ലാത്തതു കൊണ്ട് 23.03.2005 ൽ, കുറ്റാരോപണ പത്രികയിലും, കുറ്റാരോപണ മെമ്മോയിലും ഉയർത്തിയ ആരോപണങ്ങൾക്ക് ഉചിതമായ ന്യായവാദങ്ങൾ ഉന്നയിച്ച് തന്റെ ഭാഗം defend ചെയ്യാൻ കക്ഷിക്ക് ഒന്നുമില്ല എന്ന നിഗമനത്തിലാണ് അച്ചടക്കനടപടിയുടെ അടുത്ത ഘട്ടമായ റൂൾ 15 പ്രകാരമുള്ള അന്വേഷണം നടത്താൻ തീരുമാനിച്ചതെന്നും മൂന്നു മാസത്തെ സാവകാശം ചോദിച്ചതിന് വകുപ്പിന്റെ മറുപടി കിട്ടാത്തതുകൊണ്ട് ഹർജിക്കാരന് എന്ത് നഷ്ടമാണ് ഉണ്ടായതെന്നു വ്യക്തമല്ലെന്നും 26.09.2003 (ഇടക്കാല മറുപടി) മുതൽ 23.03.2005 (അന്വേഷണ

ഉത്തരവ് പുറപ്പെടുവിച്ച തീയതി) വരെ ഏതാണ്ട് ഒന്നര കൊല്ലം ഹർജിക്കാരൻ ഒരു മറുപടിയും നൽകിയില്ലെന്നും അന്വേഷണോദ്യോഗസ്ഥനായ ശ്രീ.ആർ.വിജയകുമാറിനെ നിയമിച്ചത് ഹർജിക്കാരനെ അറിയിച്ചില്ലെന്ന വാദം നിലനിൽക്കുന്നതല്ലെന്നും 23.03.2005 ലെ ഉത്തരവിൽ ഹർജിക്കാരന്റെ ഔദ്യോഗിക വിലാസത്തിൽ (സെക്രട്ടറി, വെള്ളാവൂർ ഗ്രാമപഞ്ചായത്ത്) ഉത്തരവിന്റെ പകർപ്പ് നൽകിയിരുന്നുവെന്നും ഉത്തരവിനെപ്പറ്റി അറിവുള്ളതു കൊണ്ടാണ് അന്ന് വെള്ളാവൂർ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ടിയാൻ 17.10.2005-ൽ കൊന്നത്തടി പഞ്ചായത്തിൽ വച്ച് നടന്ന അന്വേഷണത്തിന് എത്തിയതെന്നും ആകയാൽ ഈ ആക്ഷേപത്തിന് യുക്തിയില്ലെന്നും അന്വേഷണ റിപ്പോർട്ട് ഹർജ്ജിക്കാരെ കാണിക്കുകയോ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നുവെന്നും കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിൽ അകാരണമായ കാലതാമസം വരുത്തി എന്ന ആക്ഷേപം നിലനിൽക്കുന്നതല്ലെന്നും വിശദമായ പ്രതിവാദപത്രിക സമർപ്പിക്കാൻ 26.09.2003 ൽ ഹർജിക്കാരൻ മൂന്നു മാസത്തെ സമയം ചോദിച്ചിട്ട് ഒന്നരക്കൊല്ലം കഴിഞ്ഞിട്ടും ആയത് സമർപ്പിക്കാതെ ഒഴിഞ്ഞു മാറിയതു കൊണ്ടാണ് അനന്തമായ കാത്തിരിപ്പിന് വകുപ്പ തയ്യാറാകാതെ, 23.03.2005-ൽ തുടർനടപടി സ്വീകരിച്ചതെന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് സ്വീകരിച്ചാണ് തുടർനടപടികൾ എടുത്തിട്ടുള്ളതും, അച്ചടക്ക നടപടിക്ക് കാലതാമസം വന്നെങ്കിൽ അതിന്റെ പ്രധാന ഉത്തരവാദി ഹർജിക്കാരൻ തന്നെയാണെന്നും കാരണം, വിശദമായ എതിർവാദ പത്രിക സമർപ്പിക്കാൻ മൂന്നു മാസത്തെ സമയം 26.09.2003-ൽ ഹർജിക്കാരൻ ആവശ്യപ്പെട്ടെങ്കിലും 23.03.2005 വരെയും ഒരു മറുപടിയും ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും അതിനുശേഷവും ടിയാൻ മറുപടി ലഭ്യമാക്കിയിട്ടില്ലായെന്നും കാണാവുന്നതാണെന്നും കൂടാതെ 17.10.2005-ൽ അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പിൽ ഹാജരായ ഹർജിക്കാരൻ വിശദമായ മറുപടി സമർപ്പിക്കാൻ രണ്ട് ദിവസത്തെ സാവകാശം ആവശ്യപ്പെടുകയും അതനുവദിക്കുകയും ചെയ്തെങ്കിലും മറുപടി നൽകുകയുണ്ടായില്ലെന്നും ചുരുക്കത്തിൽ ഹർജിക്കാരൻ തക്ക സമയത്ത് ജാഗ്രതയോടെ ഈ അച്ചടക്ക നടപടിയുമായി സഹകരിച്ചിട്ടില്ല എന്നും കാണാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. നടപടിക്രമങ്ങൾ പാലിച്ചാണ് അച്ചടക്കനടപടി തീർപ്പാക്കിയതെന്നും 08.02.2006ലെ ഡി5/33280/02 നമ്പറായി ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, ശ്രീ.കെ.രവിയ്ക്ക് നേരിൽ കേൾക്കുന്നതിന് അവസരവും നൽകിയിരുന്നതായും എന്നാൽ ടിയാൻ ഹിയറിംഗിന് ഹാജരാകാത്തതിനാൽ ശിക്ഷ അന്തിമമാക്കി 11.02.2016 ന് ഉത്തരവ് പുറപ്പെടുവിച്ചതായും തുടർന്ന് ആറ് മാസങ്ങൾക്കു ശേഷമാണ് ഹിയറിംഗ് ആവശ്യപ്പെട്ട് ടിയാൻ കത്ത് നൽകുന്നതെന്നും അച്ചടക്ക നടപടി തീർപ്പാക്കി മാസങ്ങൾ കഴിഞ്ഞ് ഹിയറിംഗിന് കത്ത് നൽകുന്നത് നിയമപരമായി പരിഗണിക്കാൻ കഴിയില്ലെന്നും എല്ലാ രേഖകളും പരിശോധിച്ചാണ് അച്ചടക്ക നടപടി അന്തിമമാക്കിയതെന്നും പരാതിക്കാരന് നൽകിയ അവസരങ്ങൾ പ്രയോജനപ്പെടുത്താത്തതിന് ടിയാൻ തന്നെയാണ് ഉത്തരവാദിയെന്നും കേസ് തീർപ്പാക്കുന്നതിൽ അനാവശ്യ കാലതാമസം വരുത്തി എന്ന ആക്ഷേപം ശരിയല്ലെന്നും ഈ ആക്ഷേപം ഉന്നയിക്കുന്ന ഹർജിക്കാരൻ തന്നെ കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി നൽകിയിട്ടില്ല എന്നത് ഒരു പ്രധാന വസ്തുതയാണെന്നും കൂടാതെ കാരണം കാണിക്കൽ നോട്ടീസ്, ഹിയറിംഗ് നോട്ടീസ് എന്നിവയിലും ടിയാൻ പ്രതികരിച്ചിട്ടില്ലെന്നും അച്ചടക്കനടപടി ആകുമ്പോൾ, പ്രത്യേകിച്ച് കുറ്റാരോപിതൻ പോലും സമയപരിധിക്കുള്ളിൽ പ്രതികരിക്കാതിരിക്കുമ്പോൾ, നടപടിക്രമങ്ങൾ പാലിക്കാൻ കൂടുതൽ സമയം എടുക്കുക സ്വാഭാവികമാണെന്നും നേരിൽ കേൾക്കാൻ അവസരം നിഷേധിച്ചിട്ടില്ലെന്നും നിശ്ചയിച്ച തീയതിക്ക്

ഹർജിക്കാരൻ ഹാജരാകാത്തതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. അഡ്വാൻസ് നൽകിയതു സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഇല്ലായെങ്കിൽ പോലും പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക മുൻകൂർ നൽകിയതും, അതു നാളിതുവരെ ചെലവഴിക്കാത്തതും തുക ഇനിയും തിരിച്ചടയ്ക്കാത്തതും സത്യമാണെന്നും ഓഫീസ് മാറ്റം തുടങ്ങിയ ന്യായങ്ങൾ ഹർജിക്കാരന്റെ ഭാഗം ന്യായീകരിക്കാൻ പര്യാപ്തമല്ലെന്നും അപ്പീൽ തടഞ്ഞുവച്ച എന്ന ആക്ഷേപം നിഷേധിക്കുന്നുവെന്നും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ 05.01.2007-ൽ ടിയാൻ സമർപ്പിച്ച എന്നവകാശപ്പെട്ട അപ്പീൽ ലഭ്യമായിട്ടില്ലെന്നും ബഹു. ഹൈക്കോടതിയുടെ 07.12.2009-ലെ WP(C) No.35097/2009 (F) എന്ന കേസിലെ വിധിയിൽ ഒന്നാം എതിർകക്ഷിയായ പഞ്ചായത്ത് ഡയറക്ടർ, ഹർജിക്കാരനായ ശ്രീ. രവി സമർപ്പിച്ച EXT P8 എന്ന ഹർജി, വിധിപകർപ്പ് കിട്ടി എട്ടാഴ്ചയ്ക്കകം തീർപ്പാക്കാൻ നിർദ്ദേശിക്കുന്നതായിരുന്നുവെന്നും അതിൻപ്രകാരം 30.01.2010-ലെ ഉത്തരവ് നമ്പർ ഡി8-33280/02 പ്രകാരം പഞ്ചായത്ത് ഡയറക്ടർ കോടതി വിധി അനുസരിച്ച് EXT P8 തീർപ്പാക്കുന്നതു വരെ EXT P7 അനുസരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തുവെന്നും അതിനു ശേഷം 08.05.2010-ലെ ഉത്തരവു നമ്പർ ഡി8-33280/02 പ്രകാരം EXT P8-ൽ അന്തിമ തീരുമാനവുമെടുത്തുവെന്നും അറിയിച്ചിട്ടുണ്ട്. ആ ഉത്തരവിന്റെ പ്രസക്ത ഭാഗം ഇപ്രകാരമാണ്.

"മേൽ സാഹചര്യത്തിൽ കൊന്നത്തടി ഗ്രാമപഞ്ചായത്ത് 1998-99 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പാറപ്പടി ജലസേചന പദ്ധതി എന്ന പ്രോജക്റ്റിന് നിബന്ധനകൾ പാലിക്കാതെ 7,200/- രൂപ നൽകുകയും തുടർന്ന് പ്രോജക്ടുമായി ബന്ധപ്പെട്ട് യാതൊരു പണികളും ചെയ്യാത്തതുവഴി പഞ്ചായത്തിനുണ്ടായ നഷ്ടം നിയമാനുസൃതമായ പലിശ സഹിതം ഗുണഭോക്തൃസമിതി കൺവീനറിൽ നിന്നോ ചെയർമാൻ ഉൾപ്പെടെയുള്ള മറ്റ് അംഗങ്ങളിൽ നിന്നോ റവന്യൂ റിക്കവറി നടപടികൾ മുഖേന ഈടാക്കാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നടപ്പിൽ വരുത്തി റിപ്പോർട്ട് ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. മേൽ ഉത്തരവ് 08.05.2010 തീയതി മുതൽ 6 മാസത്തിനുള്ളിൽ നടപ്പിൽ വരുത്തേണ്ടതാണ്."

10. മേൽ ഉത്തരവനുസരിച്ച് പഞ്ചായത്തിനുണ്ടായ നഷ്ടം റവന്യൂ റിക്കവറി നടപടി പ്രകാരം ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നോ ചെയർമാൻ ഉൾപ്പെടെയുള്ള മറ്റംഗങ്ങളിൽ നിന്നോ ഈടാക്കാനാണ് നിർദ്ദേശമെന്നും ചുരുക്കത്തിൽ, സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും ഹർജിക്കാരനെ ഒഴിവാക്കിയെന്നും 08.05.2010-ലെ ഉത്തരവ് കോടതി വിധി പ്രകാരമാണ് പുറപ്പെടുവിച്ചതെന്നും EXT P8 ന്റെ തീർപ്പാക്കൽ ആയിരുന്നു അതെന്നും 11.12.2006-ലെ രണ്ട് തീരുമാനങ്ങളിൽ ഒന്ന് നഷ്ടം നികത്തുന്നത് സംബന്ധിച്ചും രണ്ടാമത്തേത് ഇൻക്രിമെൻറ് തടയുന്നതു സംബന്ധിച്ചും ആയിരുന്നുവെന്നും പഞ്ചായത്ത് നൽകിയ അഡ്വാൻസ് തുക ചെലവഴിക്കാതെ വന്നതും, തിരികെ അടയ്ക്കാതെ വന്നതും കണക്കിലെടുത്ത് പഞ്ചായത്ത് സെക്രട്ടറി തന്റെ കർത്തവ്യം നിറവേറ്റിയില്ലായെന്ന കുറ്റം ചുമത്തിയാണ് ഇൻക്രിമെൻറ് തടഞ്ഞതെന്നും EXT P8 കോടതി ഉത്തരവനുസരിച്ച് തീർപ്പാക്കിയപ്പോൾ സെക്രട്ടറിയെ പൂർണ്ണമായും കുറ്റവിമുക്തനാക്കിയിട്ടില്ലായെന്ന് കണ്ട് ടിയാന്റെ ഇൻക്രിമെൻറ് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കേണ്ടതില്ല എന്ന തീരുമാനമാണ് വകുപ്പ് സ്വീകരിച്ചതെന്നും കേസ് ആരംഭിക്കുന്നതിനു മുമ്പ് തന്നെ 7200/- രൂപ പഞ്ചായത്ത് പ്രസിഡൻറിനെ ഏൽപ്പിച്ചിരുന്നു എന്ന വാദം സ്വീകാര്യമല്ലെന്നും ഇതു സംബന്ധിച്ച രേഖകൾ ഈ വകുപ്പിൽ ലഭിച്ചിട്ടില്ലെന്നും ഗുരുതരമായ കുറ്റം ചെയ്ത പലരെയും താക്കീതു ചെയ്യും വെറുതെ

വിട്ടും ഉത്തരവുകൾ നൽകിയിട്ടുണ്ടെന്ന വാദം സ്വീകാര്യമല്ലെന്നും അച്ചടക്കനടപടികൾ ഓരോന്നും പ്രത്യേകം പ്രത്യേകം ബന്ധപ്പെട്ട ചട്ടങ്ങളും നിർദ്ദേശങ്ങളും പ്രകാരമാണ് തീർപ്പാക്കുന്നതെന്നും അല്ലാതെ ഇതര കേസുകളുമായി താരതമ്യം ചെയ്യുകൊണ്ടല്ലെന്നും റൂൾ 1 5 പ്രകാരമുള്ള അന്വേഷണത്തിൽ ഹർജിക്കാരൻ സംബന്ധിച്ചിരുന്നുവെന്നും എന്നാൽ ഏതൊക്കെ നടപടിക്രമങ്ങളാണ് ഈ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പാലിക്കാതിരുന്നതെന്ന് ഹർജിക്കാരൻ മുമ്പൊരിക്കലും ചൂണ്ടിക്കാണിച്ചിരുന്നില്ലെന്നും ഇപ്പോൾ മാത്രമാണ് വ്യക്തമല്ലാത്ത ഈ ആരോപണം ഉന്നയിക്കുന്നതെന്നും ആയതിനാൽ നിരാകരിക്കാവുന്നതാണെന്നും മേൽ ആരോപണങ്ങൾ ഒന്നും ടിയാന്റെ വീഴ്ചകൾ ഒഴിവാക്കുന്നതിന് ഉതകുന്ന കാരണങ്ങളല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

11. ഹർജിക്കാരനായ ശ്രീ. രവി സമർപ്പിച്ച EXT P8 എന്ന ഹർജി തീർപ്പാക്കാൻ ആണ് ബഹു.കേരള ഹൈക്കോടതിയുടെ 07.12.2009ലെ WP(C)No.35097/2009 നമ്പർ കേസിലെ വിധിയിൽ നിർദ്ദേശം ഉള്ളതെന്നും 28.02.2018ലെ ഡി8-33280/02(1) ഉത്തരവിൽ വിവക്ഷിച്ചിരിക്കുന്നത് ശ്രീ. രവി നൽകിയ ഹർജികൾ തന്നെയാണെന്നും അപേക്ഷയായാലും നിവേദനമായാലും അതിന്റെ ഉള്ളടക്കം പരിശോധിച്ച തന്നെയാണ് തീർപ്പ് കൽപ്പിച്ചിരിക്കുന്നതെന്നും അച്ചടക്കനടപടി അന്തിമമാക്കി പുറപ്പെടുവിച്ച 11.12.2006-ലെ ഉത്തരവിനെത്തുടർന്ന് ടിയാൻ ഫയൽ ചെയ്ത WP(C)35097/2009(f) നമ്പർ കേസിന്റെ വിധിന്യായത്തെ തുടർന്ന് ടിയാനെ നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളണമെന്ന ബഹു.ഹൈക്കോടതി ഉത്തരവിനെ തുടർന്ന് 10.02.2010 ന് ടിയാനെ നേരിൽ കേട്ടതിനു ശേഷം പുറപ്പെടുവിച്ച 08.05.2010 ലെ ഡി8-33280/02 നം. ഉത്തരവിൽ വ്യക്തത വരുത്തി ഉത്തരവ് പുന:പരിശോധിക്കണമെന്ന ടിയാന്റെ അപേക്ഷയാണ് 28.02.2018-ലെ ഉത്തരവ് പ്രകാരം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുള്ളതെന്നും കേസിന്റെ ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ചാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും തുടർന്ന് ടി ഉത്തരവിൽ വ്യക്തത വരുത്തുന്നതിന് മതിയായ രേഖകൾ ഉള്ളതിനാൽ ടിയാനെ നേരിൽ കേൾക്കേണ്ട ആവശ്യമുണ്ടായിരുന്നില്ലെന്നും ഹർജിക്കാരനെ നേരിൽ കേൾക്കാവുന്നതാണെന്നും വാർഷിക ഇൻക്രിമെന്റ് തടഞ്ഞത് ഹർജിക്കാരന്റെ ഭാഗത്തു നിന്നുണ്ടായ കൃത്യവിലോപം (മുൻകൂർ തുക യഥാസമയം ചെലവഴിക്കാതെ വന്നപ്പോൾ തിരിച്ചടപ്പിക്കൽ നടപടി എടുക്കാത്തത്) മൂലമാണെന്നും ഒരു അച്ചടക്ക നടപടി തീർപ്പാക്കുമ്പോൾ മറ്റേതെങ്കിലും കേസിലെ തീർപ്പുമായി താരതമ്യം ചെയ്യേണ്ടതില്ലെന്നും അകാരണമായ കാലതാമസമുണ്ടായെന്ന ആരോപണം ശരിയല്ലെന്നും അച്ചടക്ക നടപടി താമസിക്കാൻ ഹർജിക്കാരന്റെ ഭാഗത്തും തക്കതായ കാരണമുണ്ടെന്നും. ടിയാൻ കുറ്റപത്രത്തിനു മറുപടി നൽകിയിരുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും ശ്രീ.കെ.രവിയുടെ അപ്പീൽ അപേക്ഷ പരിഗണിക്കാവുന്നതല്ല എന്നും ശുപാർശ ചെയ്തിട്ടുമുണ്ട്.

12. തുടർന്ന് ശ്രീ. കെ. രവീന്ദ്രനാഥ് (കെ.രവി) യെ നേരിൽ കേൾക്കുന്നതിനായി 18.03.2019-ന് ഹാജരാകണമെന്നാവശ്യപ്പെട്ട് ടിയാന് ഹിയറിംഗ് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടിയാൻ ഹിയറിംഗിന് ഹാജരായില്ല ഹിയറിംഗിനായി മറ്റൊരു അവസരം ആവശ്യപ്പെട്ടിട്ടുമില്ല. യാത്ര ചെയ്യുന്നതിനുള്ള ശാരീരികക്ഷമത ഇപ്പോൾ ഇല്ലാത്തിനാലാണ് ഹിയറിംഗിന് ഹാജരാകാൻ സാധിക്കാത്തതെന്നും 20.03.2018ലെ അപ്പീൽ പെറ്റീഷനും അതോടൊന്നിച്ച് സമർപ്പിച്ച രേഖകളും ഈ കത്തിനൊപ്പം സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റും ഒപ്പം സമർപ്പിക്കുന്ന രേഖകളും വിശദമായി പരിശോധിച്ച് പ്രസ്തുത അപ്പീൽ പെറ്റീഷൻ തീർപ്പാക്കണമെന്നും കൂടാതെ ടിയാന്റെ പേര് കെ രവീന്ദ്രനാഥ് എന്നാക്കിയിട്ടുണ്ടെന്നും ആയതിനാൽ ടിയാന്റെ പേരിൽ തുടർന്നുള്ള അറിയിപ്പുകളും മറ്റ്

കത്തിടപാടുകളും കെ രവീന്ദ്രനാഥ് എന്ന പേരിൽ നടത്തണമെന്നും ടിയാൻ സമർപ്പിച്ച 15.03.2019 ലെ അപേക്ഷ പ്രകാരവും ടിയാന്റെ അപ്പീൽ തീർപ്പാക്കുന്ന വേളയിൽ റവന്യൂ (ഡി) വകുപ്പിന്റെ 17.07.2014ലെ സ ഉ (സാധാ) നം.3213/14/ആർഡി നമ്പർ ഉത്തരവ് കൂടി കണക്കിലെടുക്കണമെന്ന് 27.03.2019ലെ അപേക്ഷ പ്രകാരവും ആവശ്യപ്പെട്ടിട്ടുണ്ട്.

13. പരാമർശിത ഉത്തരവ് സർക്കാർ പരിശോധിക്കുകയുണ്ടായി.. വില്ലേജ് ഓഫീസറായിരുന്ന ശ്രീ. പോൾ ഫർണാണ്ടസ് സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ വിശ്വേശരൻ പിള്ള എന്നിവരെ സ്പെഷ്യൽ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ സിസി31/07 നമ്പർ കേസിലെ വിധിന്യായ പ്രകാരം കഠിനതടവിനും 1000/-രൂപ പിഴക്കും ശിക്ഷിച്ചതിനെ തുടർന്ന് ലാന്റ് റവന്യൂ കമ്മീഷണർ ടിയാളുകളെ സേവനത്തിൽ നിന്ന് പിരിച്ച് വിട്ട് ഉത്തരവായിരുന്നു. ഇതിനെതിരെ ശ്രീ.പോൾ ഫെർണാണ്ടസ് അപ്പീൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് 1.03.2010ലെ സ ഉ (സാധാ) നം.4/2010/പി & എ ആർഡി നമ്പർ സർക്കാർ ഉത്തരവ് വ്യവസ്ഥ ചെയ്യുന്ന നടപടിക്രമങ്ങൾ പാലിച്ചല്ല ഇരുവരെയും സേവനത്തിൽ നിന്ന് പിരിച്ചുവിട്ടത് എന്ന് കണ്ട് 17.07.2014ലെ സ.ഉ. (സാധാ)നം.3213/14/ആർഡി നമ്പർ ഉത്തരവ് പ്രകാരം ഇരുവരെയും സേവനത്തിൽ പുന: പ്രവേശിപ്പിക്കുന്നതിന് ഉത്തരവായത്.

14. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.സി.എസ്. (സി.സി&എ)റൂൾസ് ചട്ടം 18 പ്രകാരം നടപടിയെടുക്കുന്ന അവസരത്തിൽ പാലിക്കേണ്ട നടപടികൾ സംബന്ധിച്ചാണ് 01.03.2010-ലെ സ.ഉ.(സാധാ) നം.4/2010/പി&എആർഡി നമ്പർ സർക്കാർ ഉത്തരവ്. ഒരു ക്രിമിനൽ കേസിൽ കോടതി ശിക്ഷിച്ചതിനെ തുടർന്ന് അച്ചടക്ക അധികാരി കെ.സി.എസ് (സി.സി&എ)റൂൾസ് ചട്ടം 18 പ്രകാരം നടപടി സ്വീകരിച്ചതിലെ നടപടിക്രമങ്ങളിലെ വീഴ്ചയെ തുടർന്നാണ് ശ്രീ. പോൾ ഫർണാണ്ടസ്, ശ്രീ വിശ്വേശരൻ പിള്ള എന്നിവരെ സേവനത്തിൽ പുന:പ്രവേശിച്ച് കൊണ്ട് സർക്കാർ ഉത്തരവായത്. ശ്രീ. രവിക്കെതിരെ കെ.സി.എസ്. (സി.സി. &എ) റൂൾസ് ചട്ടം 18 പ്രകാരം നടപടി സ്വീകരിച്ചതായി കാണുന്നില്ല. ശ്രീ. രവിക്കെതിരെ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിച്ച സാഹചര്യവും ചട്ടവും നടപടിക്രമങ്ങളും വ്യത്യസ്തമാണ്. ഈ സാഹചര്യത്തിൽ ശ്രീ. കെ രവി സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ല എന്നു കാണുകയാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ. രവീന്ദ്രനാഥ് (@ കെ.രവി), (മുൻ സെക്രട്ടറി, കൊന്നത്തടി ഗ്രാമപഞ്ചായത്ത്) തെക്കേനെത്തല്ലൂർ ഹൗസ്, ഷെപേർഡ് നഗർ, ഹൗസ് നം.527, മാടപ്പള്ളി പി.ഒ, കോട്ടയം-686 546
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/76/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SU[illegible]HEER S S
Date: 2020.08.10 [illegible]5:13 IST
Reason: Approved

സെക്ഷൻ ഓഫീസർ